ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളുടേയും ഓഫീസുകളിലും, പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സ്റ്റോറുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ ധനസഹായം ലഭിക്കുന്ന മറ്റു സ്ഥാപനങ്ങൾ മുതലായവയിൽ മിന്നൽ പരിശോധനയുൾപ്പെടെയുള്ള പരിശോധന നടത്തി സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിക്കുകയാണ് ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രധാന ചുമതല. സംസ്ഥാനമൊട്ടുക്കുള്ള മേൽപ്പറഞ്ഞ എല്ലാ ഓഫീസുകളിലേയും പരിശോധന, ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അധികാര പരിധിയിൽപ്പെട്ടതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാർച്ച് 31-ന് ചെലവഴിച്ച തുക**

**6 (4044)** ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 2002-2003 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ നൽകുവാൻ നീക്കിവച്ച തുക എത്രയാണ് ;

(ബി) അതിൽ എത്ര തുകയാണ് നൽകിയിട്ടുള്ളത് ;

(സി) 2002-2003 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതിൽ എത്ര തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാർച്ച് 31-നകം ചെലവഴിച്ചിട്ടുണ്ട് ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഗഡുക്കളുടെ തീയതികളുടെ വിദശവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നൽകുന്നതിനായി 1342 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(ബി) ഇതിൽ 1,006.5 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) ലഭ്യമായ കണക്കിന്റെ അടിസ്ഥാനത്തിൽ മുൻബാക്കിയും 2002-2003-ൽ നൽകിയതും ഉൾപ്പെടെയുള്ള മൊത്തം തുകയിൽ നിന്നും 2002-2003 വർഷം മാർച്ച് 31 വരെ 559.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയിനത്തിൽ നൽകേണ്ട ഒന്നാം ഗഡുവായ 335.50 കോടി രൂപ 16-10-2002-ലും രണ്ടാം ഗഡുവായ 335.50 കോടി രൂപ 4-1-2003-ലും മൂന്നാം ഗഡുവായ 335.50 കോടി 11-2-2003-ലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly